കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം)
ഐ.എസ്.ഒ 9001-2008 അംഗീകൃത സ്ഥാപനം

റീജിയണൽ സ്റ്റേഷൻ
കുളത്തൂപ്പുഴ
കൊല്ലം-691310.
ഫോൺ -0475 2317547

നം. ബി-811/98/വാല്യം.7 തീയതി 12/10/2020

# ക്വട്ടേഷൻ നോട്ടീസ്

കേരള ലൈവ്സ്റ്റോക് ഡവലപ്മെന്റ് ബോർഡ് കുളത്തൂപ്പുഴ റീജിയണൽ സ്റ്റേഷനിൽ സുരക്ഷാ ക്രമീകരണ ജോലികൾ ഒരുവർഷത്തേക്ക് കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് താത്പര്യമുള്ള അംഗീകൃത ഏജൻസികളിൽനിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇതു സംബന്ധിച്ച വിശദാംശങ്ങൾ, വ്യവസ്ഥകൾ, നിബന്ധനകൾ എന്നിവ താഴെപ്പറയുന്നു.

1. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ ഓഫീസുകളിൽ 24 മണിക്കൂർ സുരക്ഷാ ക്രമീകരണ സേവനം ഏർപ്പെടുത്തുന്നതിന് നിയമാനുസരണം അംഗീകാരം ലഭിച്ചിട്ടുള്ള ഏജൻസികൾക്ക് ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്. ബാധകമായിട്ടുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തി ഒരു കവറിൽ സമർപ്പിക്കേണ്ടതാണ്.
2. സർക്കാർ ഉത്തരവ് നം. സ.ഉ(അച്ചടി)ലെ 38/2017/തൊഴിൽ, തിരുവനന്തപുരം തീയതി 09.05.2016 പ്രകാരം സെക്യൂരിറ്റി സർവ്വീസിൽ ജോലിനോക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ അടിസ്ഥാന വേതനം, ക്ഷാമബത്ത, ഇ.പി.എഫ്, ഇ.എസ്.ഐ മുതലായവ അനുസരിച്ചുള്ള നിരക്കുകളായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അല്ലാത്തപക്ഷം ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
3. താത്പര്യമുള്ള ഏജൻസികൾക്ക് മേൽപ്പറഞ്ഞ ഓഫീസിൽ സുരക്ഷാക്രമീകരണ ജോലി കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് ബോർഡിൽനിന്നും പ്രതിമാസം നൽകേണ്ട തുകയായിരിക്കണം ക്വട്ടേഷനിൽ കാണിക്കേണ്ടത്. മേൽപ്പറഞ്ഞ പ്രകാരം ക്വട്ടേഷനുകൾ സ്വന്തമായി തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം കവറിനുള്ളിലാക്കി ഒട്ടിച്ച് സീൽ ചെയ്ത് നിശ്ചിത സമയത്തിനുള്ളിൽ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 8 മണിക്കൂർ(ഒരു ഡ്യൂട്ടി)ഡ്യൂട്ടിക്കുള്ള തുക രേഖപ്പെടുത്താത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് "കരാറടിസ്ഥാനത്തിൽ സുരക്ഷാക്രമീകരണ ജോലികൾ ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
5. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനോടൊപ്പം ഏജൻസിയുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള താഴെപ്പറയുന് രേഖകളുടെ പകർപ്പുകൾകൂടി ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

(എ) ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ

(ബി) കേന്ദ്ര/സംസ്ഥാന ലേബർ ഡിപ്പാർട്ടുമെന്റിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(സി) സംസ്ഥാന സർക്കാരിന്റെ പ്രൈവറ്റ് സെക്യൂരിറ്റീസ് ഏജൻസീസ് റെഗുലേഷൻ ആക്ട് 2005 പ്രകാരമുള്ള ലൈസൻസ്.

(ഡി) പാൻനമ്പർ

(ഇ) ഇ.എസ്.ഐ, ഇ.പി.എഫ്, ജി.എസ്.ടി ടിൻ തുടങ്ങിയവയുടെ രജിസ്ട്രേഷൻ

(എഫ്) സ്ഥാപനത്തിലെ അവസാനത്തെ മൂന്ന് വർഷത്തെ ആഡിറ്റഡ് ബാലൻസ്ഷീറ്റ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്.

(ജി) കുറഞ്ഞപക്ഷം മൂന്ന് പൊതുമേഖല/സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള അവസാനത്തെ മൂന്ന് വർഷത്തെ സർവ്വീസ് സംബന്ധിച്ച പെർഫോർമ്സ് റിപ്പോർട്ട്.

6. കരാറുകാരൻ നിയോഗിക്കുന്ന ജോലിക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ എന്നിവ കരാറുകാരൻ തന്നെ നൽകേണ്ടതാണ്. കരാറുകാരന്റെ ജോലിക്കാരുമായി ബോർഡിന് തൊഴിലാളി-തൊഴിലുടമ ബന്ധം ഉണ്ടായിരിക്കുന്നതല്ല.

7. ഇ.പി.എഫ്, ഇ.എസ്.ഐ, വെൽഫയർഫണ്ട് വിഹിതങ്ങൾ എല്ലാ മാസവും കൃത്യമായി അടക്കേണ്ടതും പ്രതിമാസബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിയമാനുസൃതമായി പ്രസ്തുത തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണ്.

8. എസ്.എസ്.എൽ.സി പാസ്സായതും, സൽസ്വഭാവികളും, ശാരീരിക ക്ഷമത ഉള്ളതുമായ വ്യക്തികളെ ആയിരിക്കണം കരാറുകാരൻ ജോലിക്ക് നിയോഗിക്കേണ്ടതാണ്. കരാർ അനുസരിച്ച് നിയോഗിക്കുന്ന ജീവനക്കാരുടെ വീഴ്ചമൂലം ബോർഡിന് നഷ്ടം വല്ലതും സംഭവിച്ചാൽ ആയത് കരാറുകാരനിൽനിന്നും ഈടാക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കും. 58 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളെ ഒഴിവാക്കേണ്ടതാണ്. സെക്യൂരിറ്റിയായി നിയോഗിക്കുന്ന ജീവനക്കാരന്റെ ബയോഡേറ്റ, ഫോട്ടോ മറ്റ് അനുബന്ധ തിരിച്ചറിയൽ രേഖ തുടങ്ങിയവ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ജീവനക്കാരനെ മാറ്റുന്നപക്ഷം ബോർഡിനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

9. വിന്യസിക്കുന്ന സുരക്ഷാജീവനക്കാർക്ക് പ്രഥമിക സെക്യൂരിറ്റി പരിശീലനം, ഫസ്റ്റ് എയ്ഡ് ഫയർ ആന്റ് ഫൈറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകിയിരിക്കേണ്ടതാണ്.

10. ഫാം സുരക്ഷാ കരാറിന് ബോർഡ് നിർദ്ദേശിക്കുന്ന തീയതി മുതൽ ഒരുവർഷക്കാലം പ്രാബല്യമുണ്ടായിരിക്കും. ക്വട്ടേഷൻ പ്രകാരമുള്ള ജോലികൾ തികഞ്ഞ ഉത്തരവാദിത്വപൂർവ്വം നിർവ്വഹിക്കുന്നതായി ബോർഡിന് ഉത്തമ ബോധ്യമുള്ളപക്ഷം നിലവിലെ സേവന വേതന വ്യവസ്ഥകൾ അനുസരിച്ച് കരാർ കാലാവധി നീട്ടി നൽകുന്നതാണ്.

11. ഇതുപ്രകാരമുള്ള കാരാറിന് ബോർഡ് നിർദ്ദേശിക്കുന്ന തീയതിമുതൽ ഒരു വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കും. ആയതിലേക്ക് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ 200 രൂപ മുദ്രപത്രത്തിൽ ഒരു കരാർ വയ്ക്കേണ്ടതാണ്. വാർഷിക കരാർ തുകയുടെ 5% വരുന്ന തുക ബോർഡിൽ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്.

12. സുരക്ഷാജോലി ഏറ്റെടുത്ത് നടത്തി മുൻപരിചയം ഉള്ളവരിൽനിന്നുമാണ് ക്വട്ടേഷനുകൾ പ്രതീക്ഷിക്കുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്തു എന്ന ഒറ്റ കാരണത്താൽ കരാർ ഉറപ്പിക്കണമെന്നില്ല. ക്വാട്ട് ചെയ്തിരിക്കുന്ന തുക ന്യായമാണെന്നും ജോലി തൃപ്തികരമായി ചെയ്യുവാൻ ക്വട്ടേഷൻ സമർപ്പിച്ചയാളിന് പ്രാപ്തിയുണ്ടെന്നും ബോർഡിന് ബോധ്യമായാൽ

മാത്രമെ കരാർ ഉറപ്പിക്കുകയുള്ളു. ക്വട്ടേഷൻ സമർപ്പിക്കുന്നവരുമായി നെഗോസിയേഷൻ നടത്താൻ ബോർഡിന് അധികാരമുണ്ടായിരിക്കും. അതുപോലെ കരാർ ഉറപ്പിക്കുവാനുള്ള ബോർഡിന്റെ അധികാരം ചോദ്യംചെയ്യപ്പെടാവുന്നതല്ല.

13. പട്ടാള സേവനമോ, തത്തുല്യസേവനമുള്ളവരേയോ ലഭ്യമാക്കുന്ന ഏജൻസികൾക്ക് യുക്തമെന്ന് തോനുന്നപക്ഷം കരാർ ഉറപ്പിക്കുന്നതിൽ മുൻഗണന നൽകാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കും.

14. കരാർകാരൻ ജോലികൾ തൃപ്തികരമായി നിർവ്വഹിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടാൽ 15 ദിവസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിനും ബോർഡിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽനിന്നും യുക്തമായ രീതിയിൽ ഈടാക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും.

15. ഓരോ മാസത്തേയും കരാർ തുകയ്ക്കുള്ള ബില്ല് തൊട്ടടുത്ത 5-ാം തീയതിക്കകം തയ്യാറാക്കി രണ്ട് കോപ്പിവീതം കുളത്തൂപ്പുഴ റീജിയണൽ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. നിയമപ്രകാരമുള്ള നികുതികൾ (ടി.ഡി.എസ്) കിഴിവ് ചെയ്ത് കരാർ തുക നൽകുന്നതായിരിക്കും.

16. ക്വട്ടേഷനോടൊപ്പം 1000/- രൂപ നിരതദ്രവ്യമായി അടച്ച രസീത്/കെ.എൽ.ഡി ബോർഡിന്റെ അക്കൗണ്ടിൽ എസ്.ബി.ഐ ൽ അടച്ച രസീത് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

17. ജോലിസംബന്ധമായ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 9446004282

എ) ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം

**മാനേജർ(എ എച്ച്)**

**കെ.എൽ.ഡി ബോർഡ് റീജിയണൽ സ്റ്റേഷൻ**

**കുളത്തൂപ്പുഴ**

ബി) ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും

**28.10.2020 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണി**

സി) ക്വട്ടേഷൻ തുറക്കുന്ന സമയം

**28.10.2020 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 3 മണി**

18. ഈ ക്വട്ടേഷൻ നോട്ടീസിന്റെ ഒരു പ്രതി ഒപ്പിട്ട് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

19. മറ്റ് സർക്കാർ ക്വട്ടേഷനുകൾ വ്യവസ്ഥകള് ഇതിന് ബാധകമായിരിക്കും.

മാനേജർ(എ എച്ച്)